പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3751 — 23.08.2017 ൽ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ട നിയമനം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം
ശ്രീ.പി. ഉണ്ണി
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.ഡി.കെ. മുരളി

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിനുവേണ്ടി അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | • സംസ്ഥാനത്തിനുവേണ്ടി അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിന്റെയും ഭാഗമായി വിദേശ പരിശീലനത്തിനായി ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി.രാജ അവാർഡ് എല്ലാ വർഷവും ഒരു പുരുഷ കായിക താരത്തിനും വനിതാ കായിക താരത്തിനും നൽകി വരുന്നുണ്ട്. 35-ാം ദേശീയ ഗെയിംസിൽ മെഡൽ നേടിയ ശ്രീ.സജൻ പ്രകാശിനും, കുമാരി എലിസബത്ത് സൂസൻ കോശിയ്ക്കും പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും, കുമാരി അനു രാഘവൻ, ശ്രീമതി അനിൽഡ തോമസ് എന്നിവർക്ക് വനം വന്യ ജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലും നിയമനം നൽകുകയുണ്ടായി. 35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും ടീം ഇനത്തിൽ സ്വർണ്ണ മെഡൽ നേടിയ കായിക താരങ്ങൾക്കും സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും ഇത്തരത്തിലുള്ള 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രതിമാസം 10,000 രൂപ വീതം നൽകുന്ന ഡോ.എ.പി.ജെ.അബ്ദുൽകലാം സ്കോളർഷിപ്പ് സ്കീം എന്ന നൂതന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവ് വീതം നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 ഒഴിവ് വീതം ഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവു വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ |

| | | | |
|---|---|---|---|
| | | | ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്.<br><br>കൂടാതെ അന്തർദേശീയ തലത്തിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് കാലാകാലങ്ങളിൽ ക്യാഷ് അവാർഡുകളും നൽകി വരുന്നുണ്ട്. |
| ബി) | മുൻസർക്കാരിന്റെ കാലത്ത് സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്തുന്നതിലുണ്ടായ അനാസ്ഥമൂലം 2009 ന് ശേഷം ദേശീയ-അന്തർദേശീയ മേഖലയിൽ വിജയികളായ കായികതാരങ്ങളുടെ നിയമനം ഇതുവരെ നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) സി) & ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വീഴ്ച പരിഹരിക്കുന്നതിനായി സ്പോർട്സ് ക്വാട്ടാ നിയമനം സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കരട് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു സെൽ രൂപീകരിക്കുകയും പ്രസ്തുത സെല്ലിന്റെ പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു. നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. |
| സി) | 2015 ഡിസംബറിൽ സീനിയർ നാഷണൽ-ഇന്റർനാഷണൽ താരങ്ങളുടെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ട് നിയമനം വൈകുന്നതുമൂലം കായിക താരങ്ങൾ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | | |
| ഡി) | സ്പോർട്സ് ക്വാട്ട നിയമനം അടിയന്തിരമായി നടത്തുന്നതിന് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ